# ഇവിടെ 13 നദികൾ വില്പനയ്ക്ക്: മനീഷ്കുമാർ ഝാ

ഇന്ത്യയിൽ ആദ്യമായി വിറ്റ നദി ഛത്തീസ്ഗഢിലെ ശിവനാഥ് ആണല്ലോ. നദിയുടെ 23.6 കി.മീ. നീളം കൈലാസ് റാണയെന്ന വ്യക്തിയുടെ റേഡിയസ് എന്ന കമ്പനിക്കു വിറ്റത്, മധ്യപ്രദേശ് സർക്കാരാണ്. (അന്ന് ഛത്തീസ്ഗഢ് മധ്യപ്രദേശിന്റെ ഭാഗമായിരുന്നു.) കുടിക്കാനും കുളിക്കാനും മീൻപിടിക്കാനും കൃഷിക്കും ജലമുപയോഗിക്കാനുള്ള ജനങ്ങളുടെ അവകാശം ഇല്ലാതായപ്പോൾ ശക്തിയായ പ്രതിരോധമുയർന്നു. ഒട്ടേറെ വ്യക്തികളും പരിസ്ഥിതി സാമൂഹ്യരാഷ്ട്രീയ പ്രസ്ഥാനങ്ങളും അതിൽ പങ്കെടുത്തു. അന്നു പ്രതിപക്ഷത്തായിരുന്ന ബി.ജെ.പി. പോലും ആ സമരത്തെ പിന്താങ്ങി (അവർ ഭരണത്തിലെത്തിയപ്പോൾ നയം മാറി) നിയമസഭാ തെരഞ്ഞെടുപ്പു കാലത്ത് മുഖ്യമന്ത്രി അജിത്ജോഗി പദ്ധതി 'തൽക്കാലം' ഉപേക്ഷിക്കുന്നുവെന്നു പ്രഖ്യാപിച്ചു. അതുവെറും 'തൽക്കാലം' തന്നെയായിരുന്നു. പുതിയ ബി.ജെ.പി. സർക്കാർ വന്നു. വിൽപന നടപടികൾ തുടരുന്നു. അതുകൊണ്ട് തന്നെ ജനങ്ങളും സമരം തുടരുന്നു. ഛത്തീസ്ഗഢ് നദീഘാട്ടി മോർച്ചയുടെ ശിവനാഥ് യൂണിറ്റിലെ പ്രവർത്തകനായ മനീഷ്കുമാർ ഝാ പറയുകയാണ്.

"നിങ്ങൾ ഒരുപക്ഷെ ശിവനാഥ് നദിയുടെ വിൽപനയെപ്പറ്റി മാത്രമേ അറിഞ്ഞിരിക്കുകയുള്ളൂ. ഛത്തീസ്ഗഢിലെ പതിമൂന്നു നദികളും വിൽപനക്കുവച്ചിരിക്കുകയാണ്."

മഹാനദി, ഗോദാവരി, ഗംഗ (അതിന്റെ ഭാഗമായ ശിവനാഥ്) ഖാറൂൺ, ഇന്ദ്രാവതി, അർപ, പൈറി തുടങ്ങിയ നദീതടങ്ങളിലെല്ലാം യൂണിറ്റുകളുള്ള ഒരു പ്രസ്ഥാനമാണ് നദീ ഘാട്ടി മോർച്ച. നമ്മുടെ തന്നെ നയങ്ങൾ മൂലമുണ്ടായ ജലക്ഷാമത്തിന്റെ ഫലമായി സംസ്ഥാനങ്ങൾ തമ്മിലും സമൂഹങ്ങൾ തമ്മിലും യുദ്ധങ്ങളും കലാപങ്ങളും നടക്കുന്നു. ദേശീയ ജലനയവും നദീബന്ധന പദ്ധതിയും ഇതിന്റെ ഉത്തമ ഉദാഹരണങ്ങളാണ്. ജലത്തെ ഒരു സ്വത്ത് അഥവാ ചരക്ക് ആയും അതുവഴി സ്വകാര്യവൽക്കരണം ഒരു മാർഗമായും ഉയർത്തിക്കാട്ടുന്നതാണ് ജലനയം. ഇത് സമൂഹത്തിന്റെ അടിസ്ഥാനാവകാശങ്ങളുടേയും സംസ്കാരത്തിന്റേയും മേലുള്ള കടന്നുകയറ്റമാണെന്ന് മോർച്ച കരുതുന്നു. വൻകിട ഇരുമ്പ്, അലൂമിനിയം കമ്പനികൾക്കു വേണ്ടി കേലോ, ഖാറൂൺ, സാബ്രി തുടങ്ങിയ നദികളും വിൽക്കാൻ ശ്രമിച്ചപ്പോൾ സമൂഹത്തിന്റെ അവകാശങ്ങളെ ലംഘിക്കുന്ന മുതലാളിത്തത്തിന്റെ തെറ്റായ നയങ്ങൾക്കെതിരെ സമരം ആരംഭിച്ചു.

"എല്ലാ യൂണിറ്റുകളിലും നൂറുകണക്കിന് അംഗങ്ങളുണ്ട്. ജലത്തിലും ഭക്ഷണത്തിലുമുള്ള സമൂഹത്തിന്റെ പരമാധികാരം, ജലജനാധിപത്യം, നദീതടത്തിന്റേയും ആവാഹ പ്രദേശങ്ങളുടെയും സംരക്ഷണം, സുസ്ഥിര വികസനം തുടങ്ങിയ ലക്ഷ്യങ്ങളിൽ വിശ്വസിക്കുന്നവർക്കെല്ലാം സംഘടനയിൽ അംഗത്വം നൽകുന്നു" ഝാ പറഞ്ഞു. 'ജനങ്ങളെ ഇക്കാര്യങ്ങൾ വിശദമായി പഠിപ്പിക്കേണ്ടതുണ്ട്. ശിവനാഥ് സംഘർഷ സമിതി, കേലോ ബച്ചാവോ സമിതി, മഹാനദി ഘാട്ടി സമിതി, അർപ്പനദുജീവൻ സമിതി, പൈറി നദീഘാട്ടിവികാസ് സമിതി തുടങ്ങിയവയാണ് അംഗസംഘടനകൾ.

"ഇന്ദ്രാവതി നദിയിലെ വെള്ളത്തിനുമേൽ അവകാശം സ്ഥാപിക്കാൻ ശ്രമിച്ചത് എസ്സാർ എന്ന ഉരുക്കു കമ്പനിയാണ് സർക്കാരും ഉദ്യോഗസ്ഥരും അവരുടെ കൂടെ നിന്നു. ശിവനാഥ് നദിയിലെന്നപോലെ ഇവിടെയും തോണി കടക്കുന്നതുപോലും തടയാനായിരുന്നു ശ്രമം. അതിശക്തമായ സമരങ്ങളിലൂടെ അതിനെ തടഞ്ഞു നിർത്തിയിരിക്കുകയാണ്" സംഘടനയുടെ ഇന്ദ്രാവതി യൂണിറ്റിന്റെ പ്രവർത്തകനായ ബെനിവുരി പറഞ്ഞു. പ്ലാച്ചിമടയിൽ നടക്കുന്ന ജലക്കൊള്ളക്കെതിരായ സമരത്തിൽ ഇവിടത്തെ ജനങ്ങൾ നേടിയ വിജയം മഹത്തരമാണ്. ചില ട്രേഡ് യൂണിയനുകളും ഇടതുപക്ഷ കക്ഷികളും മാത്രമേ അവിടെ മുഖ്യധാരയിൽ നിന്നും സമരത്തെ സഹായിക്കാൻ എത്തുന്നുള്ളൂ. 'ഇവിടെ നിങ്ങൾക്കു വ്യാപകമായ പിന്തുണയുണ്ടെന്നതിൽ ഏറെ സന്തോഷം തോന്നുന്നു' ബെനിവുരി പറഞ്ഞു.